അനാദായകരമായ സ്കൂളുകൾ സംരക്ഷിക്കാൻ നടപടി

81 (2990) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അനാദായകരമായ സ്കൂളുകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) ഇവയിൽ എത്രയെണ്ണം ഫോക്കസ് പദ്ധതിയിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട് ;

(സി) സർക്കാരിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ പ്രവർത്തനം നിരോധിച്ച് അനാദായകരമായ സ്കൂളുകളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒരു ക്ലാസിൽ 15-ൽ താഴെ കുട്ടികളുള്ള സ്കൂളുകളെയാണ് അനാദായകരമായി കണക്കാക്കുന്നത്. ഇത്തരത്തിൽ 3531 സ്കൂളുകൾ ഉണ്ട്.

(ബി) ഒന്നാംഘട്ടമായി 1568 വിദ്യാലയങ്ങളെ ഫോക്കസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ വെളിച്ചത്തിൽ നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നതും സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇത്തരം സ്കൂളുകൾക്ക് അംഗീകാരം നൽകിയശേഷം അംഗീകാരമില്ലാതെപ്രവർത്തിക്കുന്ന അനധികൃത സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. അനാദായകരമായ സ്കൂളുകളെ സംരക്ഷിക്കാൻ ഉദ്ദേശിച്ചാണ് ഫോക്കസ് പദ്ധതി നടപ്പിലാക്കുന്നത്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കണക്ക്

82 (2991) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വിദ്യാഭ്യാസ ജില്ലകളുണ്ടെന്നും അവ ഏതെല്ലാമെന്നും റവന്യൂ ജില്ലകൾ തിരിച്ച് വ്യക്തമാക്കാമോ ;

(ബി) വിദ്യാഭ്യാസ ജില്ലകളുടെ പരിധിയിൽ എത്ര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly